(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എച്ച്. ഡി. സി. ഉൾപ്പെടെ നടത്തുന്ന പ്രവർത്തനത്തിന് അടിയന്തിരമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷോപ്പിംഗ് കോംപ്ലക്സോടുകൂടി പേവാർഡ് ഉൾപ്പെട്ട ഒരു ബഹുനില മന്ദിരം പണിയുന്നതിനുള്ള ഒരു നിർദ്ദേശം കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ലഭിച്ചു. എന്നാൽ പ്രസ്തുത നിർദ്ദേശത്തോടൊപ്പം അംഗീകരിക്കപ്പെട്ട പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടില്ല. കൂടാതെ ആശുപത്രി സൂപ്രണ്ടിന്റെയോ ജില്ലാ മെഡിക്കൽ ഓഫീസറുടെയോ അംഗീകാരമോ അഭിപ്രായമോ അതോടൊപ്പം ലഭ്യമാക്കിയിട്ടുമില്ല. ഇവ ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) & (സി) പൂർണ്ണരൂപത്തിലുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

പുനലൂർ നഗരസഭ ഫണ്ട് വകമാറ്റി ചെവഴിച്ചതിനെതിരെ നടപടി

131 [1658] പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ നിത്യനിദാന ചെലവുകൾക്കായി ആരോഗ്യവകുപ്പിൽ നിന്നും പുനലൂർ നഗരസഭയ്ക്ക് 2001-02, 2002-03, 2003-04, 2004-05 വർഷങ്ങളിൽ എത്ര തുകവീതം നൽകിയിരുന്നു;

(ബി) ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം നഗരസഭ ചെലവാക്കിയിട്ടുണ്ട്;

(സി) നിത്യനിദാന ചെലവുകൾക്കായി ആരോഗ്യ വകുപ്പ് നൽകിയ തുക 2002-03 മുതൽ 2004-05 വരെ പുനലൂർ നഗരസഭ വകമാറ്റി ചെലവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ജില്ലാകളക്ടർ 2-7-2004-ൽ പരിശോധന നടത്തുകയും നഗരസഭ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-2002 - 17,01,500 രൂപ
2002-2003 - 12,19,400 രൂപ
2003-2004 - 10,00,000 രൂപ
2004-2005 - 10,25,000 രൂപ

(ബി) 2001-2002 - 13,03,724 രൂപ
2002-2003 - 11,32,355 രൂപ
2003-2004 - 6,49,943 രൂപ
2004-2005 - 4,00,000 രൂപ

(സി) ഇല്ല.

(ഡി) & (ഇ) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

തൊളിക്കോട്, കുറ്റിച്ചൽ, ആര്യനാട്, ഉഴമലയ്ക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വിഭാഗം തുടങ്ങുന്നതിന് നടപടി

132 [1659] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊളിക്കോട്, കുറ്റിച്ചൽ, ആര്യനാട്, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വിഭാഗം തുടങ്ങുന്നതിനായി കെട്ടിടങ്ങൾ ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ ഇൻ-പേഷ്യന്റ് വാർഡുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആര്യനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഐ. പി. പ്രവർത്തിച്ചുവരുന്നു. തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഐ. പി. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഐ. പി. ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

133 [1660] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly